പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2544 — 07.10.2016 ൽ മറുപടിക്ക്

## വാഹന അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) അപകട മരണങ്ങൾ കുറയ്ക്കുന്നതിന് 'വാഹന അപകടങ്ങൾ ഇല്ലാത്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (എ) വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന പരിശോധനകളിലും, അമിത വേഗതയിലോട്ടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീരിക്കുന്നുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷിതത്വത്തിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, അനുബന്ധ വകുപ്പുകളായ പോലീസ്, മോട്ടോർ വാഹന വകുപ്പ്,പൊതുമരാമത്ത്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പുകളും, നാറ്റ്പാക്, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടുള്ളതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളെ സംബന്ധിച്ച് ചുവടെ വിവരിക്കുന്നു.<br><br>ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി |

വരുന്നു.

റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാതീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി-പോലീസ് (ട്രാഫിക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച <u>'റോഡ് റെഗുലേഷൻസ് '</u> എന്ന ലീഫ് ലെറ്റുകൾ റിജിണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.

സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽകരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നപടികൾ പുരോഗമിച്ചുവരുന്നു.

റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപികരിച്ചിട്ടുണ്ട്.

<u>റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ്</u>

ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിനായി പോലീസ് - മോട്ടോർ വാഹന വകുപ്പുകൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റെർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. കൂടാതെ അപകട സാദ്ധ്യത കൂടുതലുള്ള

ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് വഴി സ്വീകരിച്ചിട്ടുമുണ്ട്. പുതിയ ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപകടകാരണങ്ങൾ പരിശോധിച്ച്, ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മറ്റികൾ രൂപികരിച്ചിട്ടുണ്ട്. സ്കൂളുകൾക്കു സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സ്കൂൾ സേഫ്സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ ജില്ലകളിലും ട്രാഫിക്ക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയവഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് ''നിൽക്കു, നോക്കു, നീങ്ങു'' എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും, ആരോഗ്യവകുപ്പുവഴി ട്രോമോകെയർ യുണിറ്റുകൾ ശക്തിപ്പെടുത്തുവാനും, പൊതുമരാമത്ത് വകുപ്പ് വഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോമോകെയർ യുണിറ്റുകൾ താലൂക്ക്തലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊണ്ടു വരുന്നു. അപകട മരണങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാന ഗതാഗത വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് സംസ്ഥാന പോലീസ് ശുഭയാത്ര 2015 എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ